പതിനാലാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1159 — 10/08/2017 -ൽ മറുപടിയ്ക്ക്

## സർക്കാർ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സംസ്ഥാനമൊട്ടാകെ ഒന്നാം ക്ലാസ്സിൽ കഴിഞ്ഞ വർഷത്തേക്കാൾ എത്ര കുട്ടികളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്;

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സംസ്ഥാനമൊട്ടാകെ ഒന്നാം ക്ലാസ്സിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 12198 കുട്ടികളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം | | ആകെ |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | |
| 2017-18 | 96913 | 164818 | 261731 |
| 2016-17 | 91210 | 158323 | 249533 |
| വ്യത്യാസം | 5703 | 6495 | 12198 |

(ബി) ഈ വർദ്ധനവ് മൂലമുണ്ടാകുന്ന അധിക തസ്തികകളിലേക്ക് സംരക്ഷിത അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ;

(ബി) സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ പി.എസ്.സി വഴിയാണ് നിയമനം നടത്തുന്നത്. ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിത ജീവനക്കാരെ നിയമി ക്കണമെന്നാണ് കെ.ഇ.ആർ അധ്യായം XXI, ചട്ടം7(2)ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ന്യൂ സ്കൂളുകളിലെ മുഴുവൻ തസ്തികകളും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണ മെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വളരെ കുറച്ച് മാനേജർമാർ

മാത്രമേ ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാധ്യാപകരെ നിയമിക്കാൻ തയ്യാറായിട്ടുള്ളൂ. ഈ ചട്ടം ഉൾപ്പെടെയുള്ള കെ.ഇ.ആർ. ഭേദഗതിയെ (03/12/2016 ലെ ജി.ഒ (പി) നമ്പർ 199/ 2016/പൊ.വി.വ) ചോദ്യം ചെയ്തു കൊണ്ടുള്ള നാല്പതോളം റിട്ട് പെറ്റീഷനുകൾ ഇപ്പോൾ ബഹു: ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹു: ഹൈക്കോടതി പരിശോധിച്ചു കൊണ്ടിരിക്കുന്ന വിഷയമായതിനാൽ എയ്ഡഡ് സ്കൂളിലെ അധിക തസ്തികകളിലേയ്ക്ക് ഡിപ്പാർട്ട്മെന്റ് സ്വമേധയാ സംരക്ഷിതാധ്യാപകരെ പുനർവിന്യസിച്ചിട്ടില്ല.

(സി) മുൻ വർഷങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞത് കാരണം സംരക്ഷിത അദ്ധ്യാപകരായി മാറ്റി സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ പുനർ വിന്യസിച്ചവരെയും ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിച്ചവരെയും പ്രസ്തുത ഒഴിവുകളിൽ നിയമിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള സംരക്ഷിതാധ്യാപകരെ തന്നെയാണ് എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ നിയമിക്കാൻ വ്യവസ്ഥയുള്ളത്. ഇപ്പോൾ താൽക്കാലിക പുനർ വിന്യാസം നൽകിയിക്കുന്നവരെയും ഇങ്ങനെ മാറ്റി പുനർ വിന്യസിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ